# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 ജൂലൈ 1, തിങ്കൾ

**നമ്പർ 179**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

നെടുങ്കണ്ടം പോലീസ് സ്റ്റേഷനിലെ കസ്റ്റഡി മരണത്തിൽ കുറ്റവാളികളായി ആരോപിക്കപ്പെടുന്ന പോലീസുകാരെ സംരക്ഷിക്കുന്നതായും കേസ് ദുർബ്ബലപ്പെടുത്തുന്നതായും പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. വി. ഡി. സതീശനും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

1. മദ്രാസ് ഐ.ഐ.റ്റി.-യുടെ പഠന റിപ്പോർട്ടിൽ നിർദ്ദേശിച്ച പ്രകാരം ബ്രേക്ക് വാട്ടർ, കടൽഭിത്തി എന്നിവ നിർമ്മിച്ച് തീരസുരക്ഷ ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. റ്റി. വി. രാജേഷ് ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.
2. സംസ്ഥാനത്ത് കുടിവെള്ള ലഭ്യതയിലും വിതരണത്തിലും ഉള്ളതായി പറയപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ജലവിഭവ വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 842/2019(i).

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ഏവൂരിലെ കേരള കലാമണ്ഡലത്തിന്റെ സബ്സെന്റർ | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 2 | ഡോ. എം. കെ. മുനീർ | ആൾക്കൂട്ട ആക്രമണങ്ങൾ തടയുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. മുഹമ്മദ് മുഹസിൻ പി. | തിരുവേഗപ്പുറ, വിളയൂർ, പട്ടാമ്പി എന്നിവിട ങ്ങളിലെ റഗുലേറ്റർ കം ബ്രിഡ്ജ് തടയണകൾ | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. ജെ. ജോസഫ് | കാരുണ്യ ബെനവലന്റ് പദ്ധതി | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 5 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | കോട്ടയം ജനറൽ ആശുപത്രിയിലെ സൗകര്യങ്ങൾ | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 6 | ശ്രീമതി യു. പ്രതിഭ | കായംകുളം താലൂക്കാശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. പാറക്കൽ അബ്ദുല്ല | എയർ ആംബുലൻസ് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. കുഞ്ഞിരാമൻ | അടയ്ക്ക കർഷകർക്കുള്ള നഷ്ടപരിഹാരം | കൃഷിവകുപ്പുമന്ത്രി |
| 9 | ശ്രീ. ബി. ഡി. ദേവസ്സി | ചാലക്കുടിയിലെ അണ്ടർ പാസ്സേജ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. ജെയിംസ് മാത്യു | മൃഗസംരക്ഷണ ഫാമുകളുടെ കെട്ടിട നിർമ്മാണത്തിന് ചട്ടങ്ങൾ | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു :

1. സബ്ജക്ട് കമ്മിറ്റി IV-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്
2. സബ്ജക്ട് കമ്മിറ്റി IV-ന്റെ 2018-2019 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്
3. സബ്ജക്ട് കമ്മിറ്റി V-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്
4. സബ്ജക്ട് കമ്മിറ്റി V-ന്റെ 2018-2019 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്
5. 2019-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്
6. സബ്ജക്ട് കമ്മിറ്റി IX 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

7. സബ്ജക്ട് കമ്മിറ്റി IX 2018-2019 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്
8. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ തൊണ്ണൂറ്റി അഞ്ച് മുതൽ തൊണ്ണൂറ്റിയേഴ് വരെയുള്ള റിപ്പോർട്ടുകൾ.
9. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴും എട്ടും റിപ്പോർട്ടുകൾ.

<u>സ്പീക്കറുടെ റൂളിംഗ്</u> :

"സഭയുടെ നടപ്പുസമ്മേളനത്തിൽ 29-5-2019-നും 13-6-2019-നും സഭയുടെ മേശപ്പുറത്തുവച്ച ഏതാനും രേഖകൾ വളരെ കാലതാമസം വരുത്തിയാണ് മേശപ്പുറത്തുവച്ചതെന്നും ഇതുമൂലം അംഗങ്ങളുടെ ന്യായമായ അവകാശങ്ങൾ ഹനിക്കപ്പെടുന്നുവെന്നും, ഇതുസംബന്ധിച്ചുള്ള ചട്ടങ്ങളുടെ ലംഘനമാണ് ഉണ്ടായിട്ടുള്ളതെന്നും ഈ പ്രവണത ആവർത്തിക്കാതിരിക്കാൻ ശക്തമായ റൂളിംഗ് ആവശ്യമാണെന്നുമാണ് ശ്രീ. എം. ഉമ്മർ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിരിക്കുന്നത്.

സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ട രേഖകൾ യഥാസമയം തന്നെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് കാണിച്ച് പാർലമെന്ററികാര്യവകുപ്പ് എല്ലാ സർക്കാർ വകുപ്പുകൾക്കും കർശന മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടെന്നും അതിന്റെ ഭാഗമായി ഇക്കാര്യത്തിൽ നേരിട്ടിരുന്ന കാലതാമസം ഒരു പരിധിവരെ ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഇവിടെ ഉന്നയിക്കപ്പെട്ട രേഖകളുടെ കാര്യത്തിൽ, അവ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിൽ ഭരണപരമായ കാര്യങ്ങളാൽ കാലതാമസം ഉണ്ടായിട്ടുണ്ടെന്നും എന്നാൽ ചട്ടപ്രകാരമുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ പ്രസ്തുത രേഖകളോടൊപ്പംതന്നെ സഭയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും ബഹുമാനപ്പെട്ട പാർലമെന്ററികാര്യവകുപ്പുമന്ത്രി ഇവിടെ അറിയിക്കുകയുണ്ടായി. അതോടൊപ്പം ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കപ്പെടാതിരിക്കാൻ സർക്കാർ തലത്തിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതാണെന്നും ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്.

ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പ് ചെയർ മുഖവിലയ്ക്കെടുക്കുകയാണ്. ഇവിടെ ഉന്നയിച്ച പ്രശ്നം ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ പാർലമെന്ററികാര്യ വകുപ്പ് ക്രിയാത്മകമായ രീതിയിൽ നടപടികൾ കൈക്കൊള്ളുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാരിന്റെ വിവിധ വകുപ്പുകൾ, സർക്കാരിന് കീഴിലുള്ള വിവിധ കമ്പനികൾ, സ്വയംഭരണാധികാര സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട് സഭയുടെ മേശപ്പുറത്തുവച്ച രേഖകൾ യഥാസമയമാണോ വച്ചത്, കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അതിനായുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ലഭ്യമായിട്ടുണ്ടോ,

ഡിലേ സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുന്ന കാരണങ്ങൾ യുക്തിസഹമാണോ എന്നീ കാര്യങ്ങളുടെ പരിശോധന മാത്രമേ നിലവിലെ ചട്ടപ്രകാരം മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതിക്ക് നടത്തുവാൻ അവസരമുള്ളൂ.

എന്നാൽ ചട്ടപ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട രേഖകൾ യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലേയ്ക്കായി ലഭ്യമാക്കുന്നുണ്ടോ എന്ന കാര്യം നിരീക്ഷിക്കുന്നതിനും ഇല്ലാത്തപക്ഷം അതിന്മേൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിനുമുള്ള ചുമതലകൂടി മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ കർത്തവ്യങ്ങളിൽപ്പെടുത്തുന്നകാര്യം പരിശോധിക്കുന്നതാണ്. അപ്രകാരമുള്ള ചുമതല പ്രസ്തുത സമിതിയിൽ നിക്ഷിപ്തമാക്കുന്നതോടുകൂടി ഭാവിയിൽ ഇത്തരത്തിൽ ഉണ്ടാകുന്ന പരാതികളൊക്കെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിക്കുതന്നെ പരിശോധിക്കാനും യുക്തമായ നടപടികൾ ശിപാർശ ചെയ്യാനും കഴിയുന്നതാണ് എന്ന കാര്യംകൂടി ഇത്തരുണത്തിൽ ചെയർ സഭയെ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്."

<u>ധനകാര്യം:</u>

## 2019-2020 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ചർച്ചയും വോട്ടെടുപ്പും

2019-2020 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള II, V, XI, XVII, XVIII, XLVI, XX, XXXVIII, XXII, XXXV, XXXVI, XXIV, XXV, XXVII, XXIX, XXXI, XXXIV, XXXIII, XXXVII, XLI എന്നീ ധനാഭ്യർത്ഥനകളുടെ പേരിൽ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയങ്ങൾ ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. സി. കെ. നാണു

ശ്രീ. വി. കെ. സി. മമ്മത് കോയ

ശ്രീ. പി. സി. ജോർജ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എം. നൗഷാദ്

ശ്രീ. വി. ജോയി

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. പി. കെ. ബഷീർ

ശ്രീ. എസ്. ശർമ്മ

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. വി. ഡി. സതീശൻ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ, ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ എന്നിവർ മറുപടി നൽകി.

മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

തുടർന്ന് II, V, XI, XVII, XVIII, XLVI, XX, XXXVIII, XXII, XXXV, XXXVI, XXIV, XXV, XXVII, XXIX, XXXI, XXXIV, XXXIII, XXXVII, XLI എന്നീ ഉപധനാഭ്യർത്ഥനകൾ സഭ വോട്ടിനിട്ട് പാസ്സാക്കുകയും III, XIV, XVI, XXVII എന്നീ ധനാഭ്യർത്ഥനകളുടെ പേരിലുള്ള ഉപധനാഭ്യർത്ഥനകൾ ചർച്ച കൂടാതെ പാസ്സാക്കുകയുമുണ്ടായി.

2019 ജൂലൈ 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 9-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 5.03-ന് സഭ പിരിഞ്ഞു.

സി. ജോസ്,
*സെക്രട്ടറി-ഇൻ-ചാർജ്.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Fifteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, July 1, 2019*

**No. 179**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

The Speaker withheld consent to the moving of an adjournment motion given notice of by Shri V. D. Satheesan and three other Members regarding the serious situation reported to have arisen due to the alleged move to spare the accured police officials and to derail the investigation in the custodial death of Rajkumar at Nedumkandam Police Station.

In protest against the attitude of the Government in this matter the Members belonging to opposition staged a walk out.

*Calling Attention:*

1. Shri T. V. Rajesh called the attention of the Minister for Water Resources to the necessity to ensure coastal protection by constructing Breakwater and Seawall in accordance with the recommendations in the study report of the Madras I.I.T. The Minister made a statement thereto.
2. Shri V. K. Ibrahim called the attention of the Minister for Water Resources to solve the problems reportedly being faced in the availability and distribution of drinking water in the state. The Minister made a statement thereto.

KNPP. 842/2019(ii).

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ഏവൂരിലെ കേരള കലാമണ്ഡലത്തിന്റെ സബ്സെന്റർ | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി |
| 2 | ഡോ. എം. കെ. മുനീർ | ആൾക്കൂട്ട ആക്രമണങ്ങൾ തടയുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. മുഹമ്മദ് മുഹസിൻ പി. | തിരുവേഗപ്പുറ, വിളയൂർ, പട്ടാമ്പി എന്നിവിട ങ്ങളിലെ റഗുലേറ്റർ കം ബ്രിഡ്ജ് തടയണകൾ | ജലവിഭവ വകുപ്പമന്ത്രി |
| 4 | ശ്രീ. പി. ജെ. ജോസഫ് | കാരുണ്യ ബെനവലന്റ് പദ്ധതി | ധനകാര്യവും കയറും വകുപ്പമന്ത്രി |
| 5 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | കോട്ടയം ജനറൽ ആശുപത്രിയിലെ സൗകര്യങ്ങൾ | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പമന്ത്രി |
| 6 | ശ്രീമതി യു. പ്രതിഭ | കായംകുളം താലൂക്കാശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. പാറക്കൽ അബ്ദുല്ല | എയർ ആംബുലൻസ് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. കുഞ്ഞിരാമൻ | അടയ്ക്ക കർഷകർക്കുള്ള നഷ്ടപരിഹാരം | കൃഷിവകുപ്പുമന്ത്രി |
| 9 | ശ്രീ. ബി. ഡി. ദേവസ്സി | ചാലക്കുടിയിലെ അണ്ടർ പാസ്സേജ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. ജെയിംസ് മാത്യു | മൃഗസംരക്ഷണ ഫാമുകളുടെ കെട്ടിട നിർമ്മാണത്തിന് ചട്ടങ്ങൾ | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |

The Ministers Concerned made Statements on the respective Subjects.

*Presentation of Reports:*

The Following reports were presented:

1. The Periodical Report of Subject Committee IV as on 31st March 2019.
2. The Report on the action taken on the recommendations contained in the Third Report of Subject Committee IV on the scrutiny of demands for grants for the Financial year 2018-2019.
3. The Periodical Report of Subject Committee V as on 31st March 2019.
4. The Report on the action taken on the recommendations contained in the Third Report of Subject Committee V on the scrutiny of demands for grants for the financial year 2018-2019.
5. The Report of the Subject Committee VIII on The Kerala Finance Bill, 2019.
6. The Periodical Report of Subject Committee IX as on 31st March 2019.

7. The Report on the action taken on the recommendations contained in the Third Report of Subject Committee IX on the scrutiny of demands for grants for the financial year 2018-2019.

8. The Ninety Fifth to Ninety Seventh Reports of the Committee on Public Undertakings.

9. The Seventh and Eighth Reports of the Committee on the Welfare of Non-Resident Keralites.

*Ruling by the Speaker:*

"സഭയുടെ നടപ്പുസമ്മേളനത്തിൽ 29-5-2019-നും 13-6-2019-നും സഭയുടെ മേശപ്പുറത്തുവച്ച ഏതാനും രേഖകൾ വളരെ കാലതാമസം വരുത്തിയാണ് മേശപ്പുറത്ത് വച്ചതെന്നും ഇതുമൂലം അംഗങ്ങളുടെ ന്യായമായ അവകാശങ്ങൾ ഹനിക്കപ്പെടുന്നുവെന്നും, ഇതുസംബന്ധിച്ചുള്ള ചട്ടങ്ങളുടെ ലംഘനമാണ് ഉണ്ടായിട്ടുള്ളതെന്നും ഈ പ്രവണത ആവർത്തിക്കാതിരിക്കാൻ ശക്തമായ റൂളിംഗ് ആവശ്യമാണെന്നുമാണ് ശ്രീ. എം. ഉമ്മർ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിരിക്കുന്നത്.

സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ട രേഖകൾ യഥാസമയം തന്നെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് കാണിച്ച് പാർലമെന്ററികാര്യ വകുപ്പ് എല്ലാ സർക്കാർ വകുപ്പുകൾക്കും കർശന മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടെന്നും അതിന്റെ ഭാഗമായി ഇക്കാര്യത്തിൽ നേരിട്ടിരുന്ന കാലതാമസം ഒരു പരിധിവരെ ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഇവിടെ ഉന്നയിക്കപ്പെട്ട രേഖകളുടെ കാര്യത്തിൽ, അവ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിൽ ഭരണപരമായ കാര്യങ്ങളാൽ കാലതാമസം ഉണ്ടായിട്ടുണ്ടെന്നും എന്നാൽ ചട്ടപ്രകാരമുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ പ്രസ്തുത രേഖകളോടൊപ്പംതന്നെ സഭയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും ബഹുമാനപ്പെട്ട പാർലമെന്ററികാര്യവകുപ്പുമന്ത്രി ഇവിടെ അറിയിക്കുകയുണ്ടായി. അതോടൊപ്പം ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കപ്പെടാതിരിക്കാൻ സർക്കാർ തലത്തിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതാണെന്നും ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്.

ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പ് ചെയർ മുഖവിലയ്ക്കെടുക്കുകയാണ്. ഇവിടെ ഉന്നയിച്ച പ്രശ്നം ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ പാർലമെന്ററികാര്യ വകുപ്പ് ക്രിയാത്മകമായ രീതിയിൽ നടപടികൾ കൈക്കൊള്ളുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാരിന്റെ വിവിധ വകുപ്പുകൾ, സർക്കാരിന് കീഴിലുള്ള വിവിധ കമ്പനികൾ, സ്വയംഭരണാധികാര സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട് സഭയുടെ മേശപ്പുറത്തുവച്ച രേഖകൾ യഥാസമയമാണോ വച്ചത്, കാലതാമസം

ഡിലേ സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുന്ന കാരണങ്ങൾ യുക്തിസഹമാണോ എന്നീ കാര്യങ്ങളുടെ പരിശോധന മാത്രമേ നിലവിലെ ചട്ടപ്രകാരം മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതിക്ക് നടത്തുവാൻ അവസരമുള്ളൂ.

എന്നാൽ ചട്ടപ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട രേഖകൾ യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലേയ്ക്കായി ലഭ്യമാക്കുന്നുണ്ടോ എന്ന കാര്യം നിരീക്ഷിക്കുന്നതിനും ഇല്ലാത്തപക്ഷം അതിന്മേൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിനുമുള്ള ചുമതലകൂടി മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ കർത്തവ്യങ്ങളിൽപ്പെടുത്തുന്നകാര്യം പരിശോധിക്കുന്നതാണ്. അപ്രകാരമുള്ള ചുമതല പ്രസ്തുത സമിതിയിൽ നിക്ഷിപ്തമാക്കുന്നതോടുകൂടി ഭാവിയിൽ ഇത്തരത്തിൽ ഉണ്ടാകുന്ന പരാതികളൊക്കെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിക്കുതന്നെ പരിശോധിക്കാനും യുക്തമായ നടപടികൾ ശിപാർശ ചെയ്യാനും കഴിയുന്നതാണ് എന്ന കാര്യംകൂടി ഇത്തരുണത്തിൽ ചെയർ സഭയെ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്."

ധനകാര്യം:

## 2019-2020 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ചർച്ചയും വോട്ടെടുപ്പും

2019-2020 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള II, V, XI, XVII, XVIII, XLVI, XX, XXXVIII, XXII, XXXV, XXXVI, XXIV, XXV, XXVII, XXIX, XXXI, XXXIV, XXXIII, XXXVII, XLI എന്നീ ധനാഭ്യർത്ഥനകളുടെ പേരിൽ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയങ്ങൾ ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. സി. കെ. നാണു

ശ്രീ. വി. കെ. സി. മമ്മത് കോയ

ശ്രീ. പി. സി. ജോർജ്

Shri P. C. George

Shri Mullakkara Retnakaran

Shri M. Noushad

Shri V. Joy

Shri A. Pradeepkumar

Shri P. K. Basheer

Shri S. Sarma

Shri P. J. Joseph

Shri V. D. Satheesan.

DR. T. M. Thomas Isaac, Minister for Finance and Coir, Shri A. C. Moideen Minister for Local Self Government, Smt. K. K. Shailaja Teacher, Minister for Health, Social Justice and Woman and Child Development, Shri Pinarayi Vijayan, Chief Minister, replied to the points raised during the discussion.

In protest against the attitude of the Chief Minister the Members belonging to opposition boycotted the House.

Then the House also passed the Supplementary demands II, V, XI, X, XVII, XVIII, XLVI, XX, XXXVIII, XXII, XXXV, XXXVI, XXIV, XXV, XXVII, XXIX, XXXI, XXXIV, XXXIII, XXXVII, XLI were put to vote and passed by the House. The Demand Numbers III, XIV, XVI and XXVIII were passed without any discussion.

The House adjourned at 5.03 p.m. to meet again 9.00 a.m. on Tuesday, July 2, 2019.

C. Jos,

*Secretary-in-charge.*